# സഊദയും എ.കെ പാർട്ടിയും അടുക്കുമ്പോൾ


നജ്മുദ്ദീൻ അർബകാൻ


ഉർദുഗാൻ

**തുർക്കിയിലെ** ബാൽയക്സീർ ജില്ലയിലെ ശാന്തമായ ഒരു കടൽത്തീര ഗ്രാമത്തിൽ ഒഴിവുകാലം ചെലവഴിക്കാനെത്തിയതാണ് ഇസ്‌ലാമിക പ്രസ്ഥാന നായകനായ നജ്മുദ്ദീൻ അർബകാൻ. ഗ്രാമത്തിലെ പള്ളിയിൽ ജുമുഅഃ നമസ്കാരത്തിന് വന്ന അദ്ദേഹത്തോട് ഗ്രാമീണർ ചോദിച്ചു: 'അങ്ങയുടെ ശിഷ്യൻ അബ്ദുല്ലാ ഗുൽ ആണല്ലോ തുർക്കിയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്. എന്ത് തോന്നുന്നു?' അർബകാൻ തന്റെ ആഹ്ലാദം മറച്ചുവെച്ചില്ല. തന്റെ പ്രിയ ശിഷ്യന് നല്ലത് വരുത്തണേ എന്ന് അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്തു.

അർബകാൻ നേതൃത്വം നൽകുന്ന സആദ പാർട്ടിയും ഉർദുഗാന്റെ നേതൃത്വത്തിലുള്ള എ.കെ പാർട്ടിയും തമ്മിലുള്ള അകൽച്ച കുറഞ്ഞുവരുന്നതിന്റെ സൂചനയായി ഇത്തരം സംഭവങ്ങളെ കാണുന്നവരുണ്ട്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുവേളയിൽ അർബകാനും അദ്ദേഹത്തിന്റെ പിൻഗാമിയാവുമെന്ന് കരുതപ്പെടുന്ന റജാഈ ഖുത്വാനും എ.കെ പാർട്ടിയെ അതിരൂക്ഷമായ ഭാഷയിലാണ് വിമർശിച്ചിരുന്നത്. സആദ പാർട്ടിയുടെ വലിയൊരു വിഭാഗം യുവജനങ്ങളെ അടർത്തിയെടുത്ത് ഉർദുഗാൻ എ.കെ പാർട്ടി രൂപവത്കരിച്ചതും ഇസ്‌ലാമികാഭിമുഖ്യമുള്ള ഇരുകക്ഷികൾക്കുമിടയിൽ കാലുഷ്യം വളർത്താൻ കാരണമായിരുന്നു.

അബ്ദുല്ലാ ഗുലിനെ പ്രസിഡന്റായി തെരഞ്ഞെടുത്തതിൽ തുർക്കി ജനതയെ അഭിനന്ദിച്ച റജാഈ ഖുത്വാൻ, പുതിയൊരു സിവിലിയൻ ഭരണഘടനയുണ്ടാക്കുന്നതിനും പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന രീതിയിൽ കാതലായ മാറ്റം വരുത്തുന്നതിനും എ.കെ പാർട്ടി മുന്നോട്ട് വെച്ച നിർദേശങ്ങൾക്ക് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ സആദ പാർട്ടിക്കേറ്റ കനത്ത തിരിച്ചടിയാണ് ഈ നിലപാടു മാറ്റത്തിന് കാരണമെന്ന് ചില രാഷ്ട്രീയ വൃത്തങ്ങൾ നിരീക്ഷിക്കുന്നു (തെരഞ്ഞെടുപ്പിൽ 2.34% വോട്ട് നേടാനേ സആദക്ക് കഴിഞ്ഞുള്ളൂ). കഴിഞ്ഞ അഞ്ച് വർഷം എ.കെ പാർട്ടിയോട് സ്വീകരിച്ച നിഷേധാത്മക നയത്തിന്റെ പരാജയം വ്യംഗ്യമായി സമ്മതിക്കലാണ് ഇതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

സആദയും എ.കെ പാർട്ടിയും ഒന്നിക്കുന്നത് നിരവധി അപകടങ്ങൾ ക്ഷണിച്ചുവരുത്തുമെന്ന് കരുതുന്നവരും ഉണ്ട്. എ.കെ പാർട്ടിക്ക് ഇസ്‌ലാമിക ഒളിയജണ്ടയുണ്ട് എന്ന മതവിരുദ്ധരായ കമാലിസ്റ്റുകളുടെ പ്രചാരണത്തിന് ശക്തി പകരാനും എ.കെ പാർട്ടി അധികാരത്തിൽനിന്ന് പുറത്താക്കപ്പെടാനും അത് കാരണമാകും എന്നവർ ശങ്കിക്കുന്നു. അതിനാൽ അർബകാന്റെ കക്ഷി പ്രതിപക്ഷത്തു തന്നെ നിലയുറപ്പിക്കുകയാണ് വേണ്ടത്. രാഷ്ട്രീയത്തിലെ സന്തുലനം നിലനിർത്താനും അത് ഉപകാരപ്പെടും. ദൈനംദിന രാഷ്ട്രീയത്തിൽ മുഴുകാതെ സആദ ഒരു ഇസ്‌ലാമിക ചിന്താ പ്രസ്ഥാനമായി നിലകൊള്ളണം എന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. അങ്ങനെയാവുമ്പോൾ രാഷ്ട്രീയ ഗോദയിൽ ഏറ്റുമുട്ടേണ്ട പ്രശ്നവും ഉദിക്കുന്നില്ല. ■

# അഫ്ഗാൻ: പകുതിയിലധികം താലിബാന്റെ കൈവശം

**അമേരിക്കൻ** അധിനിവേശത്തിന് ആറു വയസ്സ് തികഞ്ഞെങ്കിലും അഫ്ഗാനിസ്താന്റെ പകുതിയിലധികം ഭൂമി ഇപ്പോഴും താലിബാന്റെ കൈയിൽതന്നെ. അന്താരാഷ്ട്ര പഠനവേദിയായ സെൻലിസ് കൗൺസിൽ (Senlis Council) നവംബർ 21-ന് പുറത്തിറക്കിയ റിപ്പോർട്ടിലുള്ളതാണ് ഈ വിവരം. "അഫ്ഗാനിസ്താന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ താലിബാന്റെ മേധാവിത്വം ചോദ്യം ചെയ്യപ്പെടുന്നില്ല. ചില ജില്ലാ ആസ്ഥാനങ്ങളും മർമപ്രധാനമായ ദേശീയ പാതകളും അവരുടെ നിയന്ത്രണത്തിലാണ്. രാജ്യത്തുടനീളം തങ്ങളുടെ സാന്നിധ്യമറിയിക്കാൻ അവർക്ക് കഴിഞ്ഞിരിക്കുന്നു"-പഠനത്തിന് നേതൃത്വം നൽകിയ നൊറീൻ മാക്ഡൊണാൾഡ് പറഞ്ഞു. അഫ്ഗാനിലുടനീളം ചുറ്റിക്കറങ്ങി മുമ്പും സെൻലിസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു.

അഫ്ഗാനിസ്താന്റെ 55% ഭൂപ്രദേശങ്ങളിൽ താലിബാന് മേധാവിത്വമുണ്ടെന്നാണ് സെൻലിസിന്റെ കണ്ടെത്തൽ. തെക്കൻ അഫ്ഗാനിൽ ഏറക്കുറെ യഥാർഥ അധികാരം കൈയാളുന്നവരും അവർ തന്നെ. പ്രധാന പാതകൾക്ക് പുറമെ പലേടത്തും ഇന്ധന വിതരണത്തിന്റെ നിയന്ത്രണവും അവർ കൈവശപ്പെടുത്തിയിട്ടുണ്ട്. ഇത് നാറ്റോ സൈന്യങ്ങൾക്കെതിരിലുള്ള അവരുടെ ചെറുത്തു നിൽപ്പിന് ശക്തി പകരുന്നു. കൊട്ടിഘോഷിക്കപ്പെട്ട അഫ്ഗാൻ പുനർനിർമാണ പദ്ധതി കടലാസിലൊതുങ്ങിയത് ജനങ്ങളെ ക്ഷുഭിതരാക്കിയിട്ടുണ്ട്. പല പ്രദേശങ്ങളും വരൾച്ചയുടെയും പട്ടിണിയുടെയും പിടിയിലാണ്. ഇത് താലിബാന് ജനസ്വീകാര്യത വർധിപ്പിക്കാനും കാരണമാകുന്നു.




2001-ലാണ് അമേരിക്കയുടെ നേതൃത്വത്തിലുള്ള നാറ്റോ സഖ്യം താലിബാനെ പുറത്താക്കി ഹാമിദ് കർസായിയെ അധികാരത്തിൽ അവരോധിച്ചത്. നാറ്റോയുടെ നാൽപ്പതിനായിരം സൈനികരുണ്ട് അഫ്ഗാനിൽ. ഏറ്റവും കൂടുതലുള്ളത് അമേരിക്കയുടെയും ബ്രിട്ടന്റെയും സൈനികരാണ്. നേരത്തേ താലിബാൻ സൈനികർ പുറത്താക്കപ്പെട്ട സ്ഥലങ്ങളിൽ വീണ്ടും അവരോട് പൊരുതേണ്ട ഗതികേടിലാണ് നാറ്റോ. ജനക്ഷേമം ഉറപ്പു വരുത്തുന്ന പുനർനിർമാണ പ്രക്രിയയിലൂടെ മാത്രമേ താലിബാൻ ഭീഷണി ചെറുക്കാനാവൂ എന്ന് റിപ്പോർട്ട് ഓർമപ്പെടുത്തുന്നു. 2008-ൽ കാബൂൾ തിരിച്ചുപിടിക്കും എന്ന താലിബാന്റെ പ്രതിജ്ഞ സത്യമായി പുലരുന്നതിന്റെ ലക്ഷണങ്ങളാണ് കാണുന്നതെന്ന് നൊറീൻ മാക്ഡൊണാൾഡ് പറഞ്ഞു. ■

# ആഫ്രിക്കൻ കുട്ടികളെ 'രക്ഷിക്കുന്ന' വിധം

**പാശ്ചാത്യർ** ആഫ്രിക്കൻ നാടുകളിൽനിന്ന് മനുഷ്യരെ പിടികൂടി കപ്പൽ കയറ്റി അടിമച്ചന്തകളിൽ വിൽക്കുകയും തോട്ടങ്ങളിലും മറ്റും അടിമപ്പണിയെടുപ്പിക്കുകയും ചെയ്തിരുന്നത് മറക്കാറായിട്ടില്ല. ഇതിന്റെ വകഭേദങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. തൊഴിൽപരവും ലൈംഗികവുമായ ചൂഷണങ്ങൾക്കായുള്ള മനുഷ്യക്കടത്ത്





ആഗോളതലത്തിൽ നിർബാധം തുടരുന്നു. ഈയിടെ ആഫ്രിക്കയിൽനിന്നു വന്ന ഒരു വാർത്ത മനുഷ്യക്കടത്തിന്റെ മറ്റൊരു തലത്തിലേക്ക് വിരൽചൂണ്ടുന്നതാണ്.


ഛാഡ്-സുഡാൻ അതിർത്തിയിൽനിന്ന് 103 കുട്ടികളെ യൂറോപ്പിലേക്ക് കടത്താൻ ശ്രമിച്ച പത്ത് യൂറോപ്യരടക്കമുള്ള സംഘത്തെ ഛാഡ് അധികൃതർ പിടികൂടുകയുണ്ടായി. ഒരു ബെൽജിയൻ പൈലറ്റും മൂന്ന് സ്പാനിഷ് പൗരന്മാരും ആറ് ഫ്രഞ്ചുകാരുമാണ് പിടിയിലായ യൂറോപ്യർ. ബാക്കിയുള്ളവർ ആഫ്രിക്കക്കാരാണ്. ഫ്രാൻസിലെ ജീവകാരുണ്യ സംഘടനയാണെന്ന് അവകാശപ്പെടുന്ന Zoe's Ark-നു വേണ്ടിയാണ് ഇവർ ആഫ്രിക്കയിൽ പ്രവർത്തിച്ചിരുന്നത്. കുട്ടികളെ കൊണ്ടുപോകാൻ സംഘടന ഏർപ്പെടുത്തിയ പ്രത്യേക വിമാനം തടഞ്ഞാണ് ഛാഡ് അധികൃതർ കുട്ടികളെ മോചിപ്പിച്ചത്. പാശ്ചാത്യ രാജ്യങ്ങളുടെ സമ്മർദം കാരണം യൂറോപ്യൻ പ്രതികളെ മോചിപ്പിക്കാൻ ഛാഡ് ഗവൺമെന്റ് നിർബന്ധിതമായി. ആഫ്രിക്കക്കാരായ ആറു പ്രതികൾ ഇപ്പോഴും തടവിലാണ്. കുട്ടികളെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ച ഫ്രഞ്ച് സംഘടന അത് പരോക്ഷമായി അംഗീകരിച്ചിട്ടുണ്ട്. കുട്ടികളെ തട്ടിക്കൊണ്ടുപോവുകയല്ല അവരെ യൂറോപ്പിലെത്തിച്ച് രക്ഷിക്കാനാണ് ശ്രമിച്ചതെന്നാണ് സംഘടനയുടെ വാദം. ഛാഡിൽനിന്നല്ല, സുഡാനിലെ പ്രശ്നബാധിത പ്രദേശമായ ദാർഫൂറിൽനിന്നാണ് കുട്ടികളെ കൊണ്ടുപോകാൻ ശ്രമിച്ചതെന്നും അവർ അനാഥരാണെന്നും സംഘടന വിശദീകരിച്ചു.

അടുത്ത പട്ടണത്തിൽവെച്ച് ഖുർആനും അറബിയും പഠിപ്പിക്കാമെന്ന് പറഞ്ഞാണ് തന്റെ രണ്ട് കുട്ടികളെ കൊണ്ടുപോയതെന്നും ആഴ്ചയിലൊരിക്കൽ അവരെ കാണാമെന്നു പറഞ്ഞിരുന്നുവെന്നും ആഇശ ഫദ്ൽ എന്ന സ്ത്രീ *അൽജസീറ*യോട് പറയുകയുണ്ടായി. കുട്ടികളെ അനുവാദമില്ലാതെയാണ് യൂറോപ്പിലേക്ക് കടത്താൻ ശ്രമിച്ചതെന്ന് സ്ഥിരീകരിച്ച ഐക്യരാഷ്ട്ര സഭാ ഉദ്യോഗസ്ഥർ മിക്ക കുട്ടികൾക്കും മാതാപിതാക്കളോ അടുത്ത ബന്ധുക്കളോ ഉണ്ടെന്നും പറഞ്ഞു.

യൂറോപ്പിൽ എത്തിക്കുന്ന ആഫ്രിക്കൻ കുട്ടികൾക്ക് ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും നൽകുമെങ്കിലും അവരുടെ മതവും സംസ്കാരവും ഭാഷയുമെല്ലാം മാറ്റിമറിക്കലാണ് ലക്ഷ്യമെന്ന് വ്യക്തം. ഇങ്ങനെ മസ്തിഷ്ക പ്രക്ഷാളനത്തിന് വിധേയരാകുന്നവരെ ഭാവിയിൽ അവരുടെ ജന്മനാടുകളിലേക്ക് തിരിച്ചയച്ച് പാശ്ചാത്യർ ഉദ്ദേശിക്കുന്ന 'പരിഷ്കരണ'ത്തിന് മേൽനോട്ടം വഹിപ്പിക്കാനും കഴിയും. കുട്ടികളെ കൊന്ന് അവയവങ്ങൾ എടുക്കാനാണ് തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചതെന്നാണ് ഛാഡ് പ്രസിഡന്റ് ഇദ്‌രീസ് ദിബി ആരോപിക്കുന്നത്.

ഛാഡിനു പിറകെ സുഡാനും തട്ടിക്കൊണ്ടുപോകലിനെതിരെ രംഗത്തുവന്നിട്ടുണ്ട്. സംഭവത്തെ യുദ്ധക്കുറ്റമെന്നാണ് സുഡാന്റെ ആഭ്യന്തരമന്ത്രി വിശേഷിപ്പിച്ചത്. ഫ്രഞ്ച് സംഘടനക്കെതിരെ സുഡാൻ ഗവൺമെന്റ് നിയമ നടപടിക്കൊരുങ്ങുകയാണ്. ഇതിനിടെ കഴിഞ്ഞ സെപ്റ്റംബറിൽ ഛാഡിൽനിന്ന് 74 കുട്ടികളെ ഫ്രാൻസിലേക്ക് തട്ടിക്കൊണ്ടുപോയതായി പരാതി ഉയർന്നിട്ടുണ്ട്. ഛാഡ് ഗവൺമെന്റ് അതേക്കുറിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ■

# 'അമേരിക്ക ഇല്ലാതാകുന്നു'




**അമേരിക്ക** ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്ന് മുന്നറിയിപ്പ്. ഒറ്റയടിക്ക് ഇല്ലാതാവുകയല്ല. ഫാഷിസത്തിന്റെ പിടിയിലമർന്ന് അമേരിക്ക അമേരിക്കയല്ലാതായി മാറുമെന്നാണ് Naomi Wolf മുന്നറിയിപ്പ് നൽകുന്നത്. ഈ അമേരിക്കൻ എഴുത്തുകാരി രചിച്ച The End of America: Letter of warning to a Young Patriot എന്ന പുസ്തകത്തിൽ ജനാധിപത്യത്തെ തകർക്കാൻ ഫാഷിസ്റ്റുകൾ പ്രയോഗിച്ച പത്ത് നടപടിക്രമങ്ങൾ ഓരോന്നായി അമേരിക്കൻ ഭരണകൂടം നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്ന് വിശദീകരിക്കുന്നു. ജർമനിയിൽ നാസിസ്റ്റുകളും ഇറ്റലിയിൽ ഫാഷിസ്റ്റുകളും അധികാരത്തിലേറിയ സാഹചര്യം വിശദീകരിച്ചുകൊണ്ട് ആരംഭിക്കുന്ന പുസ്തകത്തിൽ അമേരിക്കയിലെ ഇന്നത്തെ തുറന്ന സമൂഹത്തെ നിലനിർത്തണമെങ്കിൽ അമേരിക്കൻ ജനാധിപത്യത്തെ വെല്ലുവിളികളിൽനിന്ന് കാത്തുരക്ഷിക്കണമെന്ന് ഗ്രന്ഥകാരി ഓർമിപ്പിക്കുന്നു. അമേരിക്കയിൽ പുതുതായി നിർമിക്കപ്പെടുന്ന കർക്കശ നിയമങ്ങൾ ആപത് സൂചനയാണ്. അമേരിക്കൻ പ്രസിഡന്റിന് താരതമ്യേന എളുപ്പം പട്ടാളനിയമം പ്രഖ്യാപിക്കാൻ അധികാരം നൽകുന്ന ഡിഫൻസ് ഓതറൈസേഷൻ ആക്റ്റ് 2007 അമേരിക്കൻ ജനാധിപത്യത്തിന് ഭീഷണിയാണ്. ജനങ്ങളെ ഭീതിയിലാഴ്ത്തിയാൽ മാറ്റത്തിനു വേണ്ടി അവർ വോട്ട് ചെയ്യില്ലെന്നും ഈ സാഹചര്യം ഭരണകൂടത്തിന് അടിച്ചമർത്തൽ നടപടികൾ സ്വീകരിക്കാൻ അനുകൂല സാഹചര്യമൊരുക്കുമെന്നും ഗ്രന്ഥകാരി പറയുന്നു. ■